# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1584 — 04.10.2016 - ലെ മറുപടിക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ. പി.ഉബൈദുള്ള

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

### സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ;വിവിധ ഏജൻസികളിൽനിന്നും വാങ്ങിയ കടങ്ങൾ ഉൾപ്പടെ 31.08.2016 വരെ സംസ്ഥാനത്തിന്റെ മൊത്തം കടം എത്ര രൂപയാണെന്ന് അറിയിക്കുമോ; | മുൻ സർക്കാരിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയും കെടുകാര്യസ്ഥതയും നിമിത്തം സാമ്പത്തിക സ്ഥിതി താറുമാറായിരുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരം ഏറ്റെടുത്തത്.അതിഗുരുതരമായ മേൽ സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി കുറയ്ക്കാൻ തന്നെ വർഷങ്ങൾ വേണ്ടി വരുന്ന സാഹചര്യമാണുള്ളത്. വായ്പയെടുക്കുന്ന തുക നിത്യനിദാന ചെലവുകൾക്ക് വിനിയോഗിക്കേണ്ട അവസ്ഥയുള്ളതിനാൽ നിർമ്മാണ പ്രവർത്തികൾ അടക്കമുള്ള മൂലധനചെലവുകൾക്ക് പണം കണ്ടെത്തുവാൻ സർക്കാർ ബുദ്ധിമുട്ടുകയാണ്. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 31.08.2016 ൽ സംസ്ഥാനത്തിന്റെ മൊത്തം കടം 1,66,437 കോടി രൂപയാണ് |
| (ബി) | സാമ്പത്തിക പ്രതിസന്ധി മൂലം വികസന പ്രവർത്തനങ്ങളും സർക്കാരിന്റെ ദൈനംദിന കാര്യങ്ങളും മുടങ്ങുന്ന സാഹചര്യമുണ്ടയിട്ടുണ്ടോ; | സാമ്പത്തിക പ്രതിസന്ധി മൂലം പല വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്ന വേഗത്തിൽ പൂർത്തീകരിക്കുന്നതിനും വിഷമം നേരിടുന്നുണ്ട്. അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും നികുതി പിരിവ് ഊർജിതമാക്കിയും അടിയന്തിര പ്രാധാന്യമുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000/- കോടിരൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999 ലെ കിഫ്ബി ആക്ട് പരിഷ്ക്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | |

| | | |
|---|---|---|
| (ഡി) | പ്രസ്തുത നടപടികൾ മൂലം സാമ്പത്തിക സ്ഥിതിയിൽ മാറ്റങ്ങൾ അനുഭവപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | പ്രസ്തുത നടപടികളുടെ ഭാഗമായി അടിയന്തിര പ്രാധാന്യമുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മുൻസർക്കാർ കുടിശ്ശിക വരുത്തിയ വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്.ആയതിലേക്ക് 1477.92 കോടി രൂപ വിതരണം ചെയ്തിരുന്നു.കൂടാതെ മുൻ സർക്കാരിന്റെ കാലയളവിലെ കുടിശ്ശികകളിൽ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയതിൽ അനുമതി നൽകിയത്, കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കുകൾക്കും വിതരണം നടത്തിയത്, വെയ്സ് & മീൻസ്, ട്രഷറി ക്യൂ ക്ലിയർ ചെയ്തത് എന്നീ ഇനങ്ങളിൽ മാത്രം യഥാക്രമം 712.07 കോടി,991.92 കോടി,792.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>നിർദിഷ്ട സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാർ കൈകൊണ്ടുവരുന്ന ദീർഘകാല പദ്ധതികളുടെ ഗുണഫലം വരും വർഷങ്ങളിൽ മാത്രമേ അനുഭവവേദ്യമാകുകയുള്ളു |

സെക്ഷൻ ഓഫീസർ